**കേരള സർക്കാർ**

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് – കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ അംഗപരിമിത സംവരണം അനുവദിച്ചു കൊണ്ടുള്ള ഉത്തരവ് – ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ഡി) വകുപ്പ്**

സ.ഉ(അച്ചടി)നം.14/2019/സാ.നീ.വ                    തിരുവനന്തപുരം, തീയതി 30.11.2019

---

പരാമർശം. – G.O (P) No. 11/19/SJD dtd. 25/10/2019

**<u>ഉത്തരവ്</u>**

പരാമർശം ഉത്തരവ് പ്രകാരം കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ അംഗപരിമിത സംവരണം 4% അനുവദിച്ചുകൊണ്ട് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ ഖണ്ഡിക 4 (ii) പ്രകാരം സംവരണാനുകൂല്യം ലഭിക്കുന്നതിനായി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃക അനുബന്ധമായി ചേർത്തിരുന്നു. ആയതിൽ ചില അപാകതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശത്തിലെ സർക്കാർ ഉത്തരവിന്റെ ഖണ്ഡിക 4(ii) താഴെ പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

"സംവരണാനുകൂല്യം ലഭിക്കുന്നതിനായി കെ.എ.എസ്. അപേക്ഷകർ, അനുബന്ധമായി ചേർത്തിരിക്കുന്ന പുതുക്കിയ മെഡിക്കൽ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്".

മേൽപ്പറഞ്ഞ ഭേദഗതിയോടെ പരാമർശത്തിലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

ഷർമ്മിള മേരി ജോസഫ്
സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (with C/L)
സെക്രട്ടറി, പൊതു ഭരണ വകുപ്പ്,
സെക്രട്ടറി. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്,
എല്ലാ വകുപ്പ് മേധാവികൾക്കും / നിയമനാധികാരികൾക്കും
സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, വികാസ്ഭവൻ, തിരുവനന്തപുരം.
കമ്മീഷണർ, അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ്, പൂജപ്പുര, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

(ഉത്തരവിൻ പ്രകാരം)

(Sd/-)

സെക്ഷൻ ഓഫീസർ